പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2828 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യബന്ധന യാനങ്ങളുടെ സുരക്ഷ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മത്സ്യബന്ധന യാനങ്ങളുടെ സുരക്ഷയ്ക്കായി ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോളൗട്ട് പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ച് മാസമായി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

മറുപടി: മത്സ്യബന്ധന യാനങ്ങളുടെ സുരക്ഷയ്ക്കായി ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോൾഔട്ട് പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ച് മാസമായി പുരോഗതി കൈവരിച്ചു കൊണ്ടിരിക്കുകയാണ്. സമുദ്ര മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി ദേശീയ വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റത്തിന്റെ ഭാഗമായി 3563 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും (Motorised mechanised) 12121 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധന യാനങ്ങളിലും (motorised) ഉൾപ്പെടെ ആകെ 15684 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 6716 മോട്ടോറൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും, 2697 മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും ട്രാൻസ്പോണ്ടറുകൾ ഇതിനകം ഘടിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. ട്രാൻസ്പോണ്ടർ (Transponder) എന്നത് ഒരു മത്സ്യബന്ധന യാനത്തിന്റെ തിരിച്ചറിയൽ വിവരങ്ങളും സ്ഥാനവിവരങ്ങളും ഉപഗ്രഹം വഴിയോ റേഡിയോ ആശയവിനിമയ സംവിധാനം വഴിയോ കൈമാറാൻ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണമാണ്. കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർധിപ്പിക്കാനും അപകടസമയത്ത് രക്ഷാപ്രവർത്തനം വേഗത്തിലാക്കാനും ഇത് സഹായിക്കുന്നു. യാനത്തിന്റെ സ്ഥാനം കണ്ടെത്തുന്നതിന്, അപകടസന്ദേശം അയയ്ക്കുന്നതിന്, കാലാവസ്ഥാ മുന്നറിയിപ്പ്, സമുദ്രാതിർത്തി മുന്നറിയിപ്പ്, മത്സ്യബന്ധനത്തിന് സഹായം തുടങ്ങിയവയ്ക്ക് ട്രാൻസ്പോണ്ടർ സഹായകമാകുന്നു.

(ബി) മുൻ സർക്കാർ വിതരണം ചെയ്ത ജി.പി.എസ്, വി.എച്ച്.എഫ് (വെരി ഹൈ ഫ്രീക്വൻസി), മറൈൻ റേഡിയോകൾ എന്നിവയ്ക്ക് പുറമെ ആഴക്കടൽ മത്സ്യബന്ധന സുരക്ഷ വർദ്ധിപ്പിക്കാൻ പുതിയ സർക്കാർ എന്തെല്ലാം ഉപകരണങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: പ്രധാനമന്ത്രി മത്സ്യസമ്പദ യോജനയുടെ ഭാഗമായി ഐ.എസ്.ആർ.ഒ.യുടെ സാങ്കേതിക സഹായത്തോടെ മത്സ്യബന്ധന യാനങ്ങളിൽ ഉപഗ്രഹാധിഷ്ഠിത ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കടലിലെ മത്സ്യത്തൊഴിലാളികൾക്ക് ഇരുദിശകളിലേയ്ക്കും ആശയവിനിമയം സാധ്യമാക്കുക, പ്രതികൂല കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുക, നിരോധിത

മത്സ്യബന്ധന മേഖലകളെക്കുറിച്ചും അന്താരാഷ്ട്ര സമുദ്രാതിർത്തിയെക്കുറിച്ചും മുന്നറിയിപ്പുകൾ നൽകുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. നഭമിത്ര ആപ്പുമായി സംയോജിപ്പിച്ചാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും മത്സ്യബന്ധന കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ എൻജിന് പകരമായി പെട്രോൾ എൻജിനും, എൽ.പി.ജി. കിറ്റും നൽകുന്ന പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കാലപ്പഴക്കം ചെന്ന തടി ബോട്ടുകളെ സ്റ്റീൽ ബോട്ടുകളായി രൂപ മാറ്റം വരുത്തുന്ന പദ്ധതിയും 100 ലക്ഷം രൂപ വകയിരുത്തി നടപ്പാക്കി വരുന്നു.

(സി) കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായവും ദുരിതാശ്വാസ വിതരണവും നിലവിൽ മുടങ്ങിക്കിടക്കുകയാണോ; വിശദമാക്കാമോ;

<u>മറുപടി:</u> കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായവും ദുരിതാശ്വാസ വിതരണവും നിലവിൽ മുടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021-ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22-ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 2021 മെയ് മാസം മുതൽ 2022 ജനുവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. 2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര-അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് 50.027 കോടി രൂപ അനുവദിച്ചു നൽകിയിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയുണ്ടായി. കൂടാതെ 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യതൊഴിലാളികൾ കടലിൽ പോകരുതെന്ന INCOIS, KSDMA, Indian Meteorological Department എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപെട്ട 172160 മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് (മൈൻ കുടുംബങ്ങൾ 132822 + അനുബന്ധ കുടുംബങ്ങൾ 39338) ധനസഹായം നൽകുന്നതിനായി 48,20,48,000/ രൂപ CMDRF മുഖേന സർക്കാർ അനുവദിക്കുകയും, അനുവദിച്ച തുക ബന്ധപ്പെട്ട ജില്ലാ ഓഫീസുകൾ മുഖാന്തിരം ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

മുതലപ്പൊഴി മണൽ മൂടിയത് കാരണം മത്സ്യ ബന്ധനം തടസ്സപ്പെട്ടതിന് പകരം മത്സ്യത്തൊഴിലാളികൾക്ക് നൽകിയ 32,669 രൂപയുടെ പാക്കേജിൽ ചിറയിൻകീഴ് മത്സ്യഭവൻ പരിധിയിലുള്ള 2218 പേർക്കും പുത്തൻതോപ്പ് മത്സ്യഭവൻ പരിധിയിലുള്ള 215 പേർക്കും ഉൾപ്പെടെ

2433 മത്സ്യത്തൊഴിലാളികൾക്കാണ് 7,94,83,677/- രൂപ (ഏഴ കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി എൺപത്തി മൂന്നായിരത്തി അറുന്നൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) അനുവദിച്ചത്. ആയതനുസരിച്ച് ചിറയിൻകീഴ് മത്സ്യഭവൻ പരിധിയിലുള്ള 2103 പേർക്കും പൂത്തൻതോപ്പ് മത്സ്യഭവൻ പരിധിയിലുള്ള 215 പേർക്കും കൂടി ആകെ 2318 പേർക്ക് 32,669 രൂപ വീതം ആകെ 7,57,26,742/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 2196 പേർക്ക് നാളിതു വരെ തുക വിതരണം ചെയ്തിട്ടുണ്ട്. 122 പേർക്ക് കൂടി തുക വിതരണം ചെയ്യാനുണ്ട്. ടി തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

ഈ സർക്കാരിന്റെ കാലത്ത് 2026 ജൂലൈ 30 മുതൽ ആഗസ്റ്റ് 09 വരെയുള്ള 11 ദിവസം മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്ന കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപെട്ട 174400 (133451 മറൈൻ കുടുംബങ്ങൾ + 40949അനുബന്ധ കുടുംബങ്ങൾ) മത്സ്യ അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ആകെ 11 ദിവസത്തിനു ഒരു ദിവസം 200/- രൂപ നിരക്കിൽ ആകെ 38.3680 കോടി രൂപ CMDRF മുഖേന അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ച് വരുന്നു.

(ഡി) മുൻ സർക്കാർ മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് തുക 5 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി ഉയർത്തിയതിന് ശേഷം സുരക്ഷാ മേഖലയിൽ ഈ സർക്കാർ നൂറുദിന പരിപാടിയിൽ പുതിയതായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> മത്സ്യത്തൊഴിലാളി സുരക്ഷാ മേഖലയിൽ നൂറുദിന പരിപാടിയിൽ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടില്ല.

മത്സ്യബന്ധനത്തിനിടെ കടലിൽ കാണാതാകുന്ന മത്സ്യബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ബോർഡ് നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപയാണ് ഇൻഷുറൻസ് നഷ്ടപരിഹാരമായി അനുവദിച്ച് വരുന്നത്. കടലിൽ കാണാതായി ഏഴ് വർഷത്തിന് ശേഷം മാത്രമാണ് നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഇത്തരം അപേക്ഷകൾ പരിഗണിച്ച് ധനസഹായം അനുവദിക്കാൻ കഴിയുക. എന്നാൽ കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിയന്തിര ആശ്വാസ ധനസഹായമായി (ഇൻഷുറൻസ് തുക ലഭിക്കുമ്പോൾ കുറവ് ചെയ്യുമെന്ന വ്യവസ്ഥയിൽ) പരമാവധി 25,000/- രൂപ വരെ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ഉടൻ അനുവദിക്കാറുണ്ട്.

ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള നഷ്ട പരിഹാര തുക 20,00,000/- രൂപയായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് മത്സ്യബോർഡ് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ